A

602

# സമഗ്ര ശിക്ഷാ കേരളം

# അർധവാർഷിക മൂല്യനിർണയം 2022-23

## മലയാളം

ക്ലാസ് : 6 | **കേരളപാഠാവലി** | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആറ് പ്രവർത്തനങ്ങളാണ് നൽകിയിട്ടുള്ളത്. ഇതിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരമെഴുതണം. രണ്ട് മുതൽ ആറ് വരെയുള്ള പ്രവർത്തനങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1 – കണ്ടെത്താം എഴുതാം**

**മഴപ്പേടി**

മഴവരുന്നു പേമഴ
കുടിലിനുള്ളിലാരെല്ലാം
കിടുകിടെ വിറച്ചുകൊണ്ടൊ-
രമ്മയും കിടാങ്ങളും.

മഴയെനിക്കു പേടിയാണ്
പുലിയിറങ്ങിവന്നപോൽ.

മഴ കലിച്ചു കാറ്റുമായ്
വിരലുകോർത്തു താണ്ഡവം
കടപുഴക്കി മാമരം
പ്രളയമായി സങ്കടം.

മഴയെനിക്കു പേടിയാണ്
അടിയുലഞ്ഞു വീണപോൽ.

കുരീപ്പുഴ ശ്രീകുമാർ

മഴപ്പേടി എന്ന കവിതയിലെ വരികൾ വായിച്ചല്ലോ?
താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്തെഴുതുക.

1) മഴ കാറ്റുമായി വിരലുകോർത്ത് നടത്തുന്ന നൃത്തത്തെ വിശേഷിപ്പിക്കാൻ ഉപയോഗിച്ച പദം ഏതാണ്?
(പേമഴ, താണ്ഡവം, പ്രളയം)
2) പുറത്ത് മഴ പെയ്യുമ്പോൾ കിടുകിടെ വിറയ്ക്കുന്നതാരാണ്?
(പുലി, കാറ്റ്, അമ്മയും കുട്ടികളും)
3) വലിയമരം എന്നതിന് പകരം ഉപയോഗിച്ചിരിക്കുന്ന പദം ഏതാണ്?
(പേമഴ, മാമരം, പ്രളയം)

4) മഴയുടെ ഏത് ഭാവത്തെയാണ് ഇവിടെ കവി വർണിച്ചിരിക്കുന്നത്?
(സന്തോഷത്തെ, ഭീകരതയെ, ശാന്തതയെ)

5) 'പുലിയിറങ്ങി വന്നപോൽ' എന്ന പ്രയോഗത്തിൽ ഏതുതരം മഴയെയാണ് കവി അവതരിപ്പിക്കുന്നത്?
(ചാറ്റൽമഴ, രാത്രിമഴ, പേമഴ)

**പ്രവർത്തനം - 2 (എ) വിളംബരം തയാറാക്കുക**

> *മഴയുടെ മഹാനഗരത്തിൽ നിന്ന് ഒരു കുഞ്ഞുതുള്ളി കടലുകാണാനിറങ്ങി. ഒറ്റയ്ക്കല്ല, ഒത്തിരി കുഞ്ഞൻമാരോടും കുഞ്ഞത്തിമാരോടുമൊപ്പമായിരുന്നു ആ പോക്ക്.*
> *ആകാശത്തിലെ പള്ളിക്കൂടത്തിൽ നിന്ന് വേനലവധി അടിച്ചുപൊളിക്കാനായി ഒരു എസ്കർഷൻ.*
> എസ്കർഷൻ - വിനോദയാത്ര
>
> കുഞ്ഞുതുള്ളിയും കുഴിയാനയും - അരുൺ രവി

'ഹാമെലിനിലെ കുഴലൂത്തുകാരൻ' എന്ന പാഠഭാഗത്തിൽ മേയറുടെ ഒരു വിളംബരം നിങ്ങൾ കണ്ടുവല്ലോ. മുകളിൽ ചേർത്ത വരികൾ വായിച്ചില്ലെ. ആകാശത്തിലെ കുഞ്ഞുമഴത്തുള്ളികൾ ഭൂമി സന്ദർശിക്കാൻ വരികയാണ്. മഴത്തുള്ളിയുടെ വരവിനെ വിളിച്ചു പറഞ്ഞ് മേഘങ്ങൾ നടത്തുന്ന വിളംബരം തയാറാക്കൂ.

**(ബി)** ഹാമെലിൻ പട്ടണം ഏത് നദിയുടെ തീരത്താണ് സ്ഥിതി ചെയ്യുന്നത്?
(നൈൽ, ആമസോൺ, വെസ്സർ)

**പ്രവർത്തനം - 3 (എ) സംഭാഷണം തയാറാക്കുക**

പ്രകൃതിയാണ് നമ്മുടെ അമ്മ എന്ന സന്ദേശമാണ് ജി.ശങ്കരപ്പിള്ളയുടെ 'ചിത്രശലഭങ്ങൾ' എന്ന നാടകം നമുക്ക് പകർന്നു തന്നത്. താഴെ ചേർത്തിരിക്കുന്ന കഥ വായിച്ചു നോക്കൂ.

> **ഫസ്റ്റ് എയ്ഡ്**
>
> *"അമ്മേ, ആ ഫസ്റ്റ് എയ്ഡ് ബോക്സ് എവിടെ? ഇന്നലെ ഞാൻ സൈക്കിളിൽ നിന്നു വീണപ്പോൾ അമ്മ മരുന്ന് വെച്ചുതന്നില്ലേ."*
> *ആ ഫസ്റ്റ് എയ്ഡ് ബോക്സ് എവിടേന്ന്?*
> *"നിനക്കെന്തിനാ ഇപ്പോ അത്? ഇനി അതും കൂടി നശിപ്പിച്ചാ നിനക്ക് സമാധാനമാവുമോ?"*
> *"വേറെയൊന്നിനും അല്ലാ, ഇന്നു രാവിലെ മുറിച്ചുമാറ്റിയ മുറ്റത്തെ മാവിന് മരുന്നു വെച്ചു കൊടുക്കാനാ." അവൻ പറഞ്ഞു.*
>
> മാളവിക എസ്., ആലത്തൂർ

മരുന്നുവച്ചുകൊടുത്തതിനുശേഷം കുട്ടിയും മുറ്റത്തെ മാവും തമ്മിൽ എന്തെല്ലാം സംസാരിച്ചിരിക്കും? അവരുടെ സംഭാഷണം തയാറാക്കുമല്ലൊ?

**(ബി)** തണുപ്പ് എന്നതിന്റെ പകരം പദം തിരഞ്ഞെടുത്തെഴുതുക.
(താപം, ശ്വേതം, ശീതം)

**പ്രവർത്തനം - 4 (എ) വിലയിരുത്തൽ കുറിപ്പ്**

ലോകം മുഴുവൻ അറിയപ്പെടുന്ന കലാകാരനും നാടകപ്രവർത്തകനുമായ സൂര്യ കൃഷ്ണമൂർത്തിയെക്കുറിച്ചുള്ള കുറിപ്പ് വായിച്ചുനോക്കൂ.

ഏതൊരു അച്ഛനും മകളുടെ വിവാഹത്തിനുവേണ്ടി കരുതി വയ്ക്കുന്നതുപോലെ തന്റെ മകൾക്കായും കൃഷ്ണമൂർത്തി സമ്പത്ത് സ്വരുക്കൂട്ടി. പക്ഷേ, ഫീസടയ്ക്കാൻ കഴിയാതെ പാവപ്പെട്ട വീട്ടിലെ ഒരു കുട്ടി ആത്മഹത്യ ചെയ്ത സംഭവം അദ്ദേഹത്തിന്റെ മനസ്സിനെ വല്ലാതെ ഉലച്ചിരുന്നു. നാടകത്തിന്റെ തിരക്കുകളിൽ മുഴുകിയ ആ രാത്രിയിൽ കൃഷ്ണമൂർത്തി മകൾ സീതയോട് ചോദിച്ചു. കല്ല്യാണം വളരെ ലളിതമായി നടത്തിയാൽ അച്ഛനോട് മകൾക്ക് ദേഷ്യം തോന്നുമോ? മകൾക്ക് നൽകാനിരുന്ന സ്വർണ്ണാഭരണങ്ങൾ 25 വിദ്യാർത്ഥികളുടെ വിദ്യാഭ്യാസച്ചെലവിലേക്ക് മാറ്റി വയ്ക്കാൻ കൃഷ്ണമൂർത്തി തീരുമാനിച്ചു. സീത, അച്ഛന്റെ അഭിപ്രായത്തെ നിറഞ്ഞ മനസ്സോടെ സ്വീകരിച്ചു. ജീവിതത്തിലെ ഏറ്റവും വലിയ സൗന്ദര്യം ലാളിത്യമാണ് എന്ന സന്ദേശമാണ് സൂര്യ കൃഷ്ണമൂർത്തി ഇതിലൂടെ പകർന്നു തരുന്നത്.

കെട്ടുകല്ല്യാണം പോലുള്ള അനാചാരങ്ങൾക്കെതിരെ ശ്രീനാരായണഗുരു നടത്തിയ പ്രവർത്തനങ്ങൾ പാഠഭാഗത്തു നിന്നും നാം മനസ്സിലാക്കിയതാണ്. മകളുടെ സമ്മതത്തോടെ ഈ പിതാവ് സ്വീകരിച്ച നിലപാടിനെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു. കുറിപ്പ് തയാറാക്കൂ.

**(ബി)** ശ്രീനാരായണഗുരുവിന്റെ ജീവചരിത്രം തയാറാക്കിയ സാഹിത്യകാരൻ
(തകഴി, കെ.ദാമോദരൻ ബി.എ., മഹാത്മാ അയ്യങ്കാളി)

**പ്രവർത്തനം - 5 (എ) ജീവചരിത്രക്കുറിപ്പ് തയാറാക്കാം.**

"ഉറങ്ങുമ്പോൾ കാണുന്നതല്ല സ്വപ്നം
ഉറക്കം നഷ്ടപ്പെടുത്തുന്നതാണ്
യഥാർഥ സ്വപ്നം"

"നിങ്ങൾക്ക് ഒരു സൂര്യനെപ്പോലെ തിള
ങ്ങണമെങ്കിൽ ആദ്യം സൂര്യനെപ്പോലെ
കത്തി ജ്വലിക്കണം"

**ഡോ.എ.പി.ജെ.**
**അബ്ദുൾകലാം**


**അവനിവിടെയില്ല**

അവനിവിടെയില്ല
നിലം വിട്ടൊരഗ്നിയായ്
എവിടെയോ പോയിരിക്കുന്നു.

**************************

ചേതസ്സു രാമേശ്വരത്തിന്റെ ശാന്തിയിൽ
ചുരുൾമുടികൾ ഹിമവാന്റെയുത്തുംഗ
മൗലിയിൽ.

**വി.മധുസൂദനൻ നായർ**




'പരിശ്രമം ചെയ്യുകിലെന്തിനെയും' എന്ന പാഠഭാഗത്തിൽ മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ. അബ്ദുൾ കലാമിനെക്കുറിച്ച് നിങ്ങൾ പഠിച്ചതാണല്ലോ.

മുകളിൽ കൊടുത്ത സൂചനകളും നിങ്ങൾക്കറിയാവുന്ന കാര്യങ്ങളും ഉൾപ്പെടുത്തി ജീവചരിത്രക്കുറിപ്പ് തയാറാക്കുക.

**(ബി)** സസന്തോഷം എന്നതിന്റെ സമാന പ്രയോഗം ഏത്?
(സന്ദർശനം, സസ്നേഹം, സല്ലാപം)

**പ്രവർത്തനം – 6 (എ) കുറിപ്പ് തയാറാക്കുക.**

*ശരീരത്തിനു ചുറ്റും കത്തുന്ന പന്തങ്ങളുമായി പാഞ്ഞുവരുന്ന തെയ്യം.*
*മുറുകുന്ന ചെണ്ടമേളം.*
*തീപ്പൊരി ചിതറുന്ന ചൂട്ടുകൾ.*

വടക്കേമലബാറിൽ പ്രചാരത്തിലുള്ള തെയ്യം കലാരൂപത്തെ പരിചയപ്പെടുത്തുന്ന ഒരു കുറിപ്പിന്റെ തുടക്കമാണിത്.

പടയണിയെക്കുറിച്ച് നമ്മൾ പഠിച്ചിട്ടുണ്ട്.

നിങ്ങളുടെ പ്രദേശത്ത് പ്രചാരത്തിലുള്ള ഒരു നാടൻ കലാരൂപത്തെക്കുറിച്ച് കുറിപ്പ് തയാറാക്കൂ.

**(ബി)** പടയണിയിൽ ഉപയോഗിക്കുന്ന വാദ്യം.
(തിമില, ചെണ്ട, മദ്ദളം)